# മന്ത്രിസഭാ തീരുമാനങ്ങൾ

## (02.12.2009)

- സെക്രട്ടേറിയറ്റ് അനക്സിനോട് ചേർന്ന് നേരത്തെ ഏറ്റെടുത്ത 29 സെന്റിനോട് ചേർന്ന് 102.324 സെന്റ് സ്ഥലം സെക്രട്ടേറിയറ്റിന്റെ വികസനത്തിനായി ഫാസ്റ്റ്ട്രാക്ക് പദ്ധതിപ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ചു.
- ദേശീയപാത വികസനത്തിന് തിരുവനന്തപുരം ജില്ലയിൽ സ്പെഷ്യൽ ഡ്യൂട്ടി കളക്ടറും ഓഫീസ് ജീവനക്കാരും ഉൾപ്പെട്ട ഒരു ലാന്റ് അക്വിസിഷൻ യൂണിറ്റ് സൃഷ്ടിക്കുവാൻ തീരുമാനിച്ചു.
- ക്ഷീരകർഷക ക്ഷേമനിധി നിയമത്തിലെ ചില വകുപ്പുകൾ ഭേദഗതി ചെയ്യുവാൻ ഒരു ഓർഡിനൻസ് ഇറക്കുവാൻ ഗവർണറോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. 10 വർഷം സംഘത്തിന് പാൽ നൽകുന്ന കർഷകരെയാണ് ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് ക്ഷേമനിധി അംഗത്വത്തിന് പരിഗണിക്കുന്നത്. ഇത് അഞ്ച് വർഷമായി ചുരുക്കും. ഇതനുസരിച്ച് വലിയൊരു വിഭാഗം ക്ഷീരകർഷകർകൂടി നിയമത്തിന്റെ പരിധിയിൽ വരും.
- തൃശ്ശൂർ ജില്ലയിലെ വടക്കേത്തര വില്ലേജിൽ ഐ.എച്ച്.ആർ.ഡി.യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് അഞ്ച് ഏക്കർ സ്ഥലം പാട്ടം വ്യവസ്ഥയിൽ നൽകുവാൻ തീരുമാനിച്ചു.
- കൊല്ലം ജില്ലയിൽ ഈസ്റ്റ് വില്ലേജിൽ പോലീസ് വകുപ്പിന്റെ കൈവശമുള്ള 10.126 സെന്റ് ഭൂമി സബ്സിഡറി ഇന്റലിജൻസ് ബ്യൂറോയ്ക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചു.
- തലശ്ശേരിയിൽ സർക്കസ് അക്കാദമി സ്ഥാപിക്കുന്നതിന് 10 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുവാൻ തീരുമാനിച്ചു.
- പഞ്ചാബിലെ അമൃത്സറിൽ നടന്ന 55-ാമത് സ്കൂൾ അത്ലറ്റിക് മീറ്റിൽ പങ്കെടുത്ത് 13-ാമത് തവണയും കേരളത്തിന് കിരീടം നേടിത്തന്ന കേരളത്തിലെ കുട്ടികളെ സംസ്ഥാനമന്ത്രിസഭ അനുമോദിച്ചു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടുന്നവർക്ക് നൽകിവന്ന ക്യാഷ് അവാർഡ് തുക 5000, 4000, 3000 എന്നത് 25,000, 20,000, 15,000 എന്നിങ്ങനെ ആക്കി പരിഷ്ക്കരിക്കാൻ തീരുമാനിച്ചു.
- സെയിൽസ് പ്രമോഷൻ ജീവനക്കാരെക്കൂടി തൊഴിൽതർക്കനിയമത്തിന്റെ പരിധിയിൽകൊണ്ടുവരുന്നതിനായി 47ലെ തൊഴിൽതർക്ക നിയമം ഭേദഗതി ചെയ്യുന്നതിന് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുവാൻ ഗവർണറോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

******